ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വസതിയിൽ ഉന്നതതലയോഗം ചേർന്നു.
   **A high-level meeting was held at Prime Minister Narendra Modi's residence in the wake of the Pahalgam terror attack.**
2. ആഗോള സംരംഭങ്ങളെ രൂപപ്പെടുത്തുന്നതിൽ രാജ്യത്തിൻറെ പങ്ക് സുപ്രധാനമാണെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്.
   **Union Minister Jitendra Singh said that India plays a vital role in shaping global initiatives**
3. പഹൽഗാം ഭീകരാക്രമണത്തിൽ മരിച്ച എൻ. രാമചന്ദ്രൻ്റെ ഇടപ്പള്ളിയിലെ വീട് കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ സന്ദർശിച്ചു.
   **Union Minister of State L. Murugan visited the residence of N. Ramachandran in Edappally, who was killed in the Pahalgam terror attack.**
4. പ്രശസ്ത ചലച്ചിത്രകാരൻ ഷാജി എൻ കരുണിന് വിട നൽകി സാംസ്കാരിക കേരളം.
   **Kerala bids farewell to renowned filmmaker Shaji N. Karun.**
5. കാനഡ തിരഞ്ഞെടുപ്പിൽ ലിബറൽ പാർട്ടി വിജയത്തിലേക്ക്; മാർക്ക് കാർണി പ്രധാനമന്ത്രിയായി തുടരും.
   **Mark Carney will continue as Prime Minister of Canada as Liberal Party has won the election for House of Commons.**
6. വനിതാ ത്രിരാഷ്ട്ര ഏകദിന ക്രിക്കറ്റ് പരമ്പരയിൽ, ദക്ഷിണാഫ്രിക്കക്കെതിരെ ഇന്ത്യക്ക് 15 റൺസ് വിജയം.

**In the Women's Cricket, India defeated South Africa by 15 runs in the second ODI of Tri-Nation series.**

**&&&&&&&&&&&&&&&&&&**

## PM–MEETING

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വസതിയിൽ ഉന്നതതലയോഗം ചേർന്നു. രാജ്യരക്ഷാമന്ത്രി മന്ത്രി രാജ്നാഥ്സിംഗ് , ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ സംയുക്ത സൈനിക മേധാവി അനിൽ ചൗഹാൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

**&&&&&&&&&&&&&&&&&&**

## Cabinet Committee on Security

അതേസമയം, പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നാളെ സുരക്ഷാ കാര്യങ്ങൾക്കുള്ള കേന്ദ്ര മന്ത്രിസഭാ സമിതി, യോഗം ചേരും. പഹൽഗാം ഭീകരാക്രമണത്തിന് ശേഷം നടക്കുന്ന രണ്ടാമത്തെ യോഗമാണ് ഇത്. കേന്ദ്ര മന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, നിർമ്മല സീതാരാമൻ, എസ്. ജയ്ശങ്കർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

**&&&&&&&&&&&&&&&&&&**

## PM–YUGM (INTRO)

കേന്ദ്ര സർക്കാർ രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെ ആധുനികവൽക്കരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ യുഗ്മ് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ ഉയർച്ചക്കായി യുവതയ്ക്ക് ആധുനിക വിദ്യാഭ്യാസ സംവിധാനങ്ങൾ ഒരുക്കേണ്ടത് സർക്കാരിന്റെ കടമയാണ്. നിർമ്മിതബുദ്ധി, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ബഹിരാകാശ സാങ്കേതികവിദ്യ, തുടങ്ങിയവയെ നിരന്തരം

പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ഇന്ത്യ, AI മിഷൻ ആരംഭിച്ചതിനെക്കുറിച്ചും പ്രധാനമന്ത്രി പരാമർശിച്ചു. (ഹോൾഡ് **VOICE PM**)

&&&&&&&&&&&&&&&&&&

## Jitendra Singh-YUGM Conclave

ഇന്ത്യ വളർച്ചയുടെ പടവുകൾ കയറുകയാണെന്നും ആഗോള സംരംഭങ്ങളെ രൂപപ്പെടുത്തുന്നതിൽ രാജ്യത്തിൻറെ പങ്ക് സുപ്രധാനമാണെന്നുംകേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. രാജ്യത്തിൻറെ പരിവർത്തന കാലഘട്ടത്തെ സ്വീകരിക്കാൻ യുവജനങ്ങൾ തയ്യാറാവണമെന്നും യുഗ്മ കോൺക്ലേവിൽ സംസാരിക്കവെ കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## Piyush Goyal London

കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ യുകെ ബിസിനസ് ആൻഡ് ട്രേഡ്, സ്റ്റേറ്റ് സെക്രട്ടറി ജോനാഥൻ റെയ്നോൾഡ്സുമായി ലണ്ടനിൽ കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ പുനരാരംഭിക്കുന്നതിന് മുന്നോടിയായാണ് ചർച്ച. യു.കെ യുമായുളള നിക്ഷേപ ബന്ധങ്ങളും ഉഭയകക്ഷി വ്യാപാരവും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര മന്ത്രിയുടെ സന്ദർശനം

&&&&&&&&&&&&&&&&&&

## JAISHANKAR-GREECE

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ് ശങ്കർ ഗ്രീസ് വിദേശകാര്യ മന്ത്രിയുമായി ആശയവിനിമയം നടത്തി. പഹൽഗാം ഭീകരാക്രമണത്തെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരായ

ഗ്രീസിന്റെ ശക്തമായ നിലപാട് പ്രശംസനീയമാണെന്ന് ഡോ. എസ്. ജയ്ശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## RIJIJU– HAJ

ഇന്ത്യയിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകരുടെ ആദ്യസംഘം സൗദി അറേബ്യയിലെത്തി. മദീന വിമാനത്താവളത്തിലെത്തിയ സംഘത്തിന് ഊഷ്മളമായ വരവേൽപാണ് ലഭിച്ചത്. ലക്നൗവിൽ നിന്നും ഹൈദരാബാദിൽ നിന്നുമായി 550 പേരാണ് സംഘത്തിലുള്ളത്. 1,22,000-ത്തിലേറെ തീർത്ഥാടകരാണ് ഇന്ത്യയിൽ നിന്നും ഈ വർഷം ഹജ്ജിനെത്തുന്നത്. തീർത്ഥാടകർക്ക് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

## CHAR DHAM YATRA

ഉത്തരാഖണ്ഡിലെ ചാർ ധാം യാത്രക്ക് നാളെ തുടക്കം. ഉത്തരകാശി ജില്ലയിലെ ഗംഗോത്രി, യമുനോത്രി ക്ഷേത്രങ്ങൾ ഭക്തർക്കായി നാളെ തുറക്കും. രുദ്രപ്രയാഗ് ജില്ലയിലെ കേദാർനാഥ് ക്ഷേത്രം അടുത്തമാസം 2 നാണ് തുറക്കുക. അടുത്തമാസം 4ന് ചമോലി ജില്ലയിലെ ബദരീനാഥ് ക്ഷേത്രവും ഭക്തർക്കായി തുറന്നു നൽകും. ചാർ ധാം യാത്രയോടനുബന്ധിച്ചു മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി മുന്നൊരുക്കങ്ങൾ വിലയിരുത്തി.

&&&&&&&&&&&&&&&&&&

## DR. L MURUGAN

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ പഹൽഗാം ഭീകരാക്രമണത്തിൽ മരിച്ച എൻ. രാമചന്ദ്രൻ്റെ വീട് സന്ദർശിച്ചു. കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ച അദ്ദേഹം കേന്ദ്ര സർക്കാരിൻ്റെ എല്ലാ

പിന്തുണയും അറിയിച്ചു. കൊച്ചിയിൽ അംബേദ്കർ ജന്മദിനാഘോഷങ്ങളുടെ ഭാഗമായി ബിജെപി സംഘടിപ്പിച്ച ചടങ്ങും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തു. എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചാണ് കേന്ദ്ര സർക്കാർ രാജ്യത്ത് വികസനം നടപ്പാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

**&&&&&&&&&&&&&&&&&&**

## SHAJI N KARUN

ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ ഷാജി എൻ കരുണിന് സാംസ്കാരിക കേരളത്തിന്റെ അന്ത്യാഞ്ജലി. സംസ്കാര ചടങ്ങുകൾ തൈക്കാട് ശാന്തികവാടത്തിൽ ഔദ്യോഗിക ബഹുമതികളോടെ നടന്നു. വഴുതക്കാട് കലാഭവൻ തിയേറ്ററിൽ പൊതുദർശനത്തിനു വച്ച ഭൗതിക ശരീരത്തിൽ മന്ത്രിമാരുൾപ്പെടെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ അന്ത്യാഞ്ജലി അർപ്പിച്ചു. മലയാള സിനിമയെ അന്താരാഷ്ട്ര വേദികളിൽ ഉൾപ്പടെ ശ്രദ്ധേയമാക്കിയ ചലച്ചിത്രകാരനായിരുന്നു ഷാജി എൻ കരുൺ. ക്യാൻസർ രോഗ ബാധിതനായി ദീർഘകാലമായി ചികിത്സയിലായിരുന്ന അദ്ദേഹഠ ഇന്നലെയാണ് അന്തരിച്ചത്.

**&&&&&&&&&&&&&&&&&&**

## EVE. JOSHI-WORKSHOP (INTRO)

ഹരിത ഹൈഡ്രജൻ ഭാവിയുടെ ഇന്ധനമാണെന്ന് കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി. ന്യൂഡൽഹിയിൽ ഗ്രീൻ ഹൈഡ്രജൻ മിഷൻ അവസരങ്ങളെക്കുറിച്ചുള്ള ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹരിത ഹൈഡ്രജന്റെ ഉൽപാദനത്തിനാവശ്യമായ സാങ്കേതിക വിദ്യയുടെ വികസനത്തിൽ സഹകരിക്കാൻ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളോട് അദ്ദേഹം ആവശ്യപ്പെട്ടു. ഇന്ത്യയുടെ ഗ്രീൻ ഹൈഡ്രജൻ സർട്ടിഫിക്കേഷൻ പദ്ധതിയും ചടങ്ങിൽ, മന്ത്രി ഉദ്ഘാടനം ചെയ്തു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

CANADA ELECTION

കാനഡ തിരഞ്ഞെടുപ്പിൽ ലിബറൽ പാർട്ടിക്ക് ഭരണം ഉറപ്പായ സാഹചര്യത്തിൽ മാർക്ക് കാർണി പ്രധാനമന്ത്രിയായി തുടരും. കൺസർവേറ്റീവ് പാർട്ടിയുമായി നടന്ന ഇഞ്ചോടിഞ്ച് പോരാട്ടത്തിനൊടുവിലാണ് ലിബറൽ പാർട്ടി വിജയം ഉറപ്പിക്കുന്നത്. ഭൂരിപക്ഷം കടക്കാൻ 172 സീറ്റുകൾ വേണ്ട സ്ഥാനത്ത് ലബറൽ പാർട്ടി 168 സീറ്റുകളിൽ വിജയം ഉറപ്പിച്ചു. വോട്ടെണ്ണൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

PM-CANADA PM

കാനഡ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട മാർക്ക് കാർണിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. പൊതുവായ ജനാധിപത്യ മൂല്യങ്ങളാൽ ബന്ധിതമാണ് ഇന്ത്യയും കാനഡയുമെന്ന് ശ്രീ മോദി സാമൂഹ്യമാധ്യമ കുറിപ്പിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

PM-TRINIDAD TOBAGO

ട്രിനിഡാഡ് ആൻഡ് ടൊബാഗോ തിരഞ്ഞെടുപ്പിൽ വിജയിച്ച കമല പെർസാദ്-ബിസെസ്സറിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ട്രിനിഡാഡ് ആൻഡ് ടൊബാഗോയുമായുള്ള ചരിത്രപരമായ ബന്ധത്തെ ഇന്ത്യ വിലമതിക്കുന്നുവെന്ന് സാമൂഹ്യ മാധ്യമ പോസ്റ്റിൽ അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

WOMENS CRICKET

ശ്രീലങ്കയിൽ നടക്കുന്ന വനിതാ ത്രിരാഷ്ട്ര ഏകദിന ക്രിക്കറ്റ് പരമ്പരയിൽ , ദക്ഷിണാഫ്രിക്കക്കെതിരെ ഇന്ത്യക്ക് 15 റൺസ്

വിജയം. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഇന്ത്യ നിശ്ച്ചിത ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 276 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ദക്ഷിണാഫ്രിക്ക, 49.2 ഓവറിൽ 261 റൺസിന് എല്ലാവരും പുറത്താവുകയായിരുന്നു.

&&&&&&&&&&&&&&&&&&

## I P L

ഐ പി എൽ ക്രിക്കറ്റിൽ ടോസ് നേടിയ ഡൽഹി ക്യാപിറ്റൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ ബാറ്റിങ്ങിനയച്ചു. ന്യൂഡൽഹിയിലെ അരുൺ ജയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## Dubai- Incredible India Pavilion

ദുബായിൽ നടന്നുവരുന്ന അറേബ്യൻ ട്രാവൽ മാർക്കറ്റിന്റെ 32-ാമത് പതിപ്പിൽ ഇന്ത്യയുടെ 'ഇൻക്രെഡിബിൾ ഇന്ത്യ' പവലിയൻ ശ്രദ്ധേയമാകുന്നു. ഇന്ത്യൻ പവലിയൻ കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് ഉത്ഘാടനം ചെയ്തു. ടൂർ ഓപ്പറേറ്റർമാർ, ഹോട്ടൽ ഗ്രൂപ്പുകൾ, ടൂറിസം പങ്കാളികൾ എന്നിവർ അണിനിരക്കുന്ന പവലിയനിൽ നിരവധി ഇന്ത്യൻ സംസ്ഥാനങ്ങളിലെ വിനോദ സഞ്ചാര സാദ്ധ്യതകൾ അറിയാൻ അവസരമൊരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## VIZHINJAM

കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കമ്മീഷനിങ് ചടങ്ങിന് ഇനി മൂന്ന് നാൾ. പ്രധാനമന്ത്രി നരേന്ദ്രമോദി മെയ് രണ്ടിനാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രാജ്യത്തിന് സമർപ്പിക്കുക. തുറമുഖത്തു നടക്കുന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനുൾപ്പെടെയുള്ളവർ പങ്കെടുക്കും. കനത്ത സുരക്ഷയാണ് പ്രദേശത്ത് ഒരുക്കിയിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## CM - KERALA

ആധുനിക വിജ്ഞാന ഉല്പാദനത്തിന്റെ കേന്ദ്രമായി കേരളം മാറുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കോട്ടയത്ത് നടന്ന ജില്ലാതല യോഗത്തിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. സർക്കാരിൻറെ വ്യവസായ സൗഹൃദ സംരംഭങ്ങളിലൂടെ സ്റ്റാർട്ടപ്പുകളുടെ പറുദീസയായി കേരളം മാറിയെന്നും മുഖ്യ മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## INDIA EXPOSE-PAK

പഹൽഗാം ഭീകരാക്രമണ വിഷയം ഐക്യരാഷ്ട്ര സഭയിൽ ഉന്നയിച്ച് ഇന്ത്യ . ആഗോള ഭീകരതയ്ക്ക് പിന്തുണ നൽകുന്ന രാജ്യമാണ് പാകിസ്ഥാൻ എന്നും ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ പ്രതിനിധി യോജന പട്ടേൽ വിമർശിച്ചു. ഭീകര സംഘടനകൾക്ക് പാകിസ്ഥാൻ ധനസഹായവും പരിശീലനവും നൽകിയിട്ടുണ്ടെന്ന പാക് പ്രതിരോധ മന്ത്രിയുടെ പരാമർശവും ഇതിന് ഉദാഹരണമായി ഇന്ത്യ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## LOC-FIRING

ജമ്മു കശ്മീരിൽ, നിയന്ത്രണ രേഖയിലെ വിവിധയിടങ്ങളിൽ പാകിസ്ഥാൻ സൈന്യം ഇന്നലെ രാത്രി നടത്തിയ വെടിവയ്പ്പിനെ ഫലപ്രദമായി നേരിട്ട് ഇന്ത്യൻ സേന . കുപ്വാര, ബാരാമുള്ള, അഖ്നൂർ മേഖലകളിലാണ് പാകിസ്ഥാൻ സൈനിക പോസ്റ്റുകളിൽ നിന്നും പ്രകോപനമില്ലാതെ വെടിവെയ്പുണ്ടായത്. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

&&&&&&&&&&&&&&&&&&

## IRAN-US AIRSTRIKES

യെമനിൽ യു എസ് നടത്തിയ വ്യോമാക്രമണത്തെ ശക്തമായി അപലപിച്ച് ഇറാൻ. തലസ്ഥാനമായ സനായിലും ആഫ്രിക്കൻ കുടിയേറ്റക്കാരെ പാർപ്പിച്ച കേന്ദ്രത്തിലും അമേരിക്ക നടത്തിയ വ്യോമാക്രമണങ്ങളിൽ 78 പേർ കൊല്ലപ്പെട്ടു. ബോംബാക്രമണങ്ങളെ ഇറാൻ വിദേശകാര്യ മന്ത്രാലയ വക്താവ് എസ്മയിൽ ബഗായ് അപലപിച്ചു.

&&&&&&&&&&&&&&&&&&

## WAVES

ലോക ദൃശ്യ-ശ്രവ്യ വിനോദ ഉച്ചകോടി - വേവ്സ് 2025 ന് മറ്റന്നാൾ മുംബൈയിൽ തുടക്കമാകും. മുംബൈയിലെ ജിയോ കൺവെൻഷൻ സെന്ററിൽ 15,000 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരുക്കിയ വേദിയിലാണ് പ്രദർശനം.

&&&&&&&&&&&&&&&&&&

## SSLC

ഈ വർഷത്തെ എസ്.എസ്.എൽ.സി ഫലം മെയ് ഒമ്പതിന് പ്രഖ്യാപിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. ഫലപ്രഖ്യാപന ത്തിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടന്നു വരികയാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളത്തിൽ പറഞ്ഞു. വിദ്യാഭ്യാസ മേഖലയിൽ കേരളത്തിന്റെ ആവശ്യങ്ങൾ മെയ് 2-ന് ന്യൂഡൽഹിയിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാനെ കണ്ട് അവതരിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&
&&&&&&&&&&&
&&&